**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3842.** 17.12.2015 ൽ മറുപടിയ്ക്ക്.

**നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ - കോഴിക്കോട് നാഷണൽ ഹൈവേയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മൂരാട് പാലത്തിനും കോരപ്പുഴ പാലത്തിനും ഇടയിലുള്ള വെക്കളം, പൊയിൽക്കാവ്, നന്ദി, ഭരയന്നിക്കാട് പ്രദേശങ്ങളിൽ വാഹനാപകടം വർദ്ധിച്ചുവരുന്നതും നിരവധി പേർ മരിക്കുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നാഷണൽ ഹൈവേയിലെ പ്രസ്തുത പ്രദേശങ്ങളിൽ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് കോഴിക്കോട് ബൈപ്പാസ്സിൽ സ്ഥാപിച്ച മാതൃകയിൽ നിരീക്ഷണ ക്യാമറയും മറ്റ് സംവിധാനങ്ങളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെയുള്ള ക്യാമറാ നിരീക്ഷണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ - കോഴിക്കോട് ദേശീയ പാതയിൽ 18 ഓളം സ്ഥലങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ക്യാമറകളുടെ ആവശ്യകത വരികയാണെങ്കിൽ ആവശ്യമായ പരിശോധനകൾക്കു ശേഷം അവ സ്ഥാപിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ? | (സി) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ഇതിനുള്ള പരിഹാരം കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റോഡ് സേഫ്റ്റി കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.